നം. എച്ച്3/26749/2021/CGE

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി : 13/10/2021

# സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - പരീക്ഷാഭവൻ - രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ് പ്രവേശനത്തിനുള്ള പരീക്ഷ ഡിസംബർ 2021 - പെൺകുട്ടികൾക്കുള്ള പ്രവേശനം - സംബന്ധിച്ച്.

സൂചന :- രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും EE/01/DEC21/NT നം. പ്രകാരം ലഭിച്ച 11/10/2021-ലെ കത്ത്.

"

*******

സൂചന പ്രകാരം ലഭിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. താങ്കളുടെ അധികാര പരിധിയിൽപ്പെടുന്ന അംഗീകാരമുള്ള എല്ലാ സ്കൂളുകളിലും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായി നൽകേണ്ടതാണ്.

ഡെറാഡൂണിലെ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് 2022 ജൂലൈ മാസത്തിൽ നടക്കുന്ന പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ 2021 ഡിസംബർ 18-ാം തീയതിയിൽ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയ്ക്ക് ഈ വർഷം മുതൽ പെൺകുട്ടികൾക്കും അപേക്ഷിക്കാവുന്നതാണ്. 01/07/2022-ൽ അഡ്മിഷൻ സമയത്ത് അംഗീകാരമുള്ള ഏതെങ്കിലും വിദ്യാലയത്തിൽ 7-ാം ക്ലാസ്സിൽ പഠിക്കുകയോ, 7-ാം ക്ലാസ് പാസായിരിക്കുകയോ വേണം. 02/07/2009-ന് മുൻപോ 01/01/2011-ന് ശേഷമോ ജനിച്ചവർക്ക് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. (അതായത് 01/07/2022-ൽ അഡ്മിഷൻ സമയത്ത് $11^1/_2$ വയസിനും 13 വയസിനും ഉള്ളിലുള്ളവരായിരിക്കണം) അഡ്മിഷൻ നേടിയതിനു ശേഷം ജനന തീയതിയിൽ മാറ്റം അനുവദിക്കുന്നതല്ല.

പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാ ഫോറവും, വിവരങ്ങളും, മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളും ലഭിക്കുന്നതിനായി രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് അപേക്ഷിക്കേണ്ടതാണ്. പരീക്ഷ എഴുതുന്ന ജനറൽ വിഭാഗത്തിലെ കുട്ടികൾക്ക് 600/-രൂപയ്ക്കും, എസ്.സി/എസ്.റ്റി. വിഭാഗത്തിലെ കുട്ടികൾക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 555/-രൂപയ്ക്കും അപേക്ഷാഫോമിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്പീഡ് പോസ്റ്റിൽ ലഭിക്കുന്നതാണ്. നിർദിഷ്ട അപേക്ഷ ലഭിക്കുന്നതിനായി മേൽ പരാമർശിച്ച തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് " ദി കമാൻഡന്റ്, രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ്, ഡെറാഡൂൺ, ഡ്രായീ ബ്രാഞ്ച്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ടെൽ ഭവൻ, ഡെറാഡൂൺ, ഉത്തർഖണ്ഡ് (ബാങ്ക് കോഡ് 01576)) എന്ന വിലാസത്തിൽ മാറാവുന്ന തരത്തിൽ എടുത്ത് കത്ത് സഹിതം

(മറുപുറം)

**"ദി കമാൻഡന്റ്, രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ്, ഡെറാഡൂൺ, ഉത്തർഖണ്ഡ്-248003** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. ഓൺലൈനായി പണമടക്കുന്നതിനുള്ള നിർദേശങ്ങൾ **www.rimc.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലും, ലക്ഷദ്വീപിലുമുള്ള അപേക്ഷകർ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷകൾ പൂരിപ്പിച്ച് **15.11.2021-**നു മുൻപായി ലഭിക്കുന്ന തരത്തിൽ **"സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12"** എന്ന വിലാസത്തിൽ ചുവടെ പരാമർശിക്കുന്ന രേഖകൾ ചേർത്തയക്കേണ്ടതാണ്. **പെൺകുട്ടികളുടെ അപേക്ഷകൾ മാത്രമാണ് 15.11.2021 വരെ സ്വീകരിക്കുന്നത്. ആൺകുട്ടികളുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30.10.2021 ആണ്.**

1. ഡെറാഡൂൺ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിച്ച നിർദ്ദിഷ്ട അപേക്ഷാ ഫോറം (2 കോപ്പി).
2. പാസ്പോർട്ട് വലിപ്പത്തിലുള്ള 2 ഫോട്ടോകൾ (ഒരു കവറിൽ ഉള്ളടക്കം ചെയ്തിരിക്കണം.)
3. സ്ഥലത്തെ ജനന-മരണ രജിസ്ട്രാർ നൽകുന്ന ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ 2 പകർപ്പുകൾ.
4. സ്ഥിരമായ വാസസ്ഥലം സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് (State Domicile Certificate).
5. കുട്ടി നിലവിൽ പഠിക്കുന്ന സ്കൂളിലെ മേലധികാരി നിർദിഷ്ട അപേക്ഷാഫോറം സാക്ഷ്യപ്പെടുത്തുന്നതിനോടൊപ്പം ഫോട്ടോ പതിപ്പിച്ച് ജനന തീയതി, കുട്ടി ഏതു ക്ലാസ്സിൽ പഠിക്കുന്നു എന്നുള്ളതും സാക്ഷ്യപ്പെടുത്തി ഹാജരാക്കണം.
6. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ രണ്ട് പകർപ്പ്.
7. ആധാർ കാർഡിന്റെ രണ്ട് പകർപ്പ് (ഇരുവശവും ഉള്ളത്).അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതാണ്.
8. 9.35 x 4.25 ഇഞ്ച് വലിപ്പത്തിലുള്ള പോസ്റ്റേജ് കവർ (അഡ്മിഷൻ ടിക്കറ്റ് ലഭിക്കേണ്ട മേൽ വിലാസം എഴുതി 42/- രൂപയുടെ സ്റ്റാമ്പ് പതിച്ചത്).

Sd/-

**സെക്രട്ടറി**

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. കരുതൽ ഫയൽ.